**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1342 — 31.10.2019-ൽ മറുപടി നൽകേണ്ടത്

## ജി.എഫ്.സി. എൻടപ്രണർഷിപ്പ് അദ്ധ്യാപകനിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ജി.എഫ്.സി. എൻടപ്രണർഷിപ്പ് വിഷയത്തിലെ അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ഇതിനകം നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | 20.04.2018-ലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. 218 പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 24 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ പദ്ധതിയിലെ കോഴ്സ് സബ്ജക്റ്റായ എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്ന വിഷയത്തിൽ രണ്ട് ബാച്ചുകളുള്ള സ്കൂളുകളിൽ താല്ക്കാലിക അദ്ധ്യാപകരെ ഉപയോഗിച്ച് ക്ലാസ്സുകൾ നടത്തുന്നതിനുപകരം പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മൂന്നോ അതിന് മുകളിൽ കോഴ്സുകളുള്ള സ്കൂളുകളിൽ ജി.എഫ്.സി അധ്യാപകരുടെ ജോലിഭാരം 8 മണിക്കൂറിന് മുകളിലായതിനാൽ സ്കെയിൽ ഓഫ് പേയിൽ സ്ഥിരം അധ്യാപകരെ പി.എസ്.സി വഴി നിയമിച്ചുവരുന്നു.<br>രണ്ട് കോഴ്സുകൾ ഉള്ള സ്കൂളുകളിൽ 6 മണിക്കൂറിൽ താഴെ മാത്രം ജോലിഭാരം ഉള്ളതിനാൽ ജി.എഫ്.സി തസ്തികയിൽ കൺസോളിഡേറ്റഡ് പേയിലാണ് അധ്യാപകരെ നിയമിക്കുന്നത്.<br>ആയതിനാൽ രണ്ട് ബാച്ചുകളുള്ള സ്കൂളുകളിൽ താല്ക്കാലിക അദ്ധ്യാപകർക്ക് പകരം പി.എസ്.സി. ലിസ്റ്റിൽ നിന്നും സ്ഥിരം നിയമനം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ